പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 466 12.06.2012 -ലെ മറുപടി

# കെ.എസ്.ആർ.ടി.സി യിലെ ശമ്പള പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ലൂഡി ലൂയിസ്<br>" ഹൈബി ഈഡൻ<br>" പാലോട് രവി<br>" എം. പി. വിൻസെന്റ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | അംഗീകൃത തൊഴിലാളി സംഘടനകളും കെ.എസ്.ആർ.ടി.സി മാനേജ്മെന്റും തമ്മിൽ 22.05.2012 -ന് പുതിയ സേവനവേതന കരാർ ഒപ്പുവച്ചു. ഈ കരാറിന് ഡയറക്ടർ ബോർഡിന്റെയും, സർക്കാരിന്റെയും അംഗീകാരം ലഭിക്കേണ്ടതുണ്ട്.<br><br>പുതിയ ശമ്പള പരിഷ്ക്കരണ കരാറിന് 01.03.2011 മുതൽ അഞ്ച് വർഷത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.<br><br>21.12.2011 -ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയ എംപാനൽ ജീവനക്കാരെയും 31.12.2004 -ൽ കാലാവധി അവസാനിച്ച പി.എസ്.സി ലിസ്റ്റിൽ നിന്ന് എംപാനലായി നിയമനം നൽകിയ അൺഅഡ്വൈസ്ഡ് പി.എസ്.സി എംപാനൽ ജീവനക്കാരായ 912 പേരെയും സർക്കാർ തീരുമാനപ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 28.02.2011 -ൽ കോർപ്പറേഷൻ പാനലിൽ നിലവിലുള്ള എംപാനൽ ജീവനക്കാരിൽ 8 വർഷവും അതിലധികവും കാലം സേവനം അനുഷ്ഠിച്ചിട്ടുള്ളവരും പ്രതിവർഷം കുറഞ്ഞത് 120 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവരുമായവരെ സ്ഥിരപ്പെടുത്തണമെന്നുള്ള നിർദ്ദേശവും 25 വർഷവും |
| (ബി) | പുതിയ ശമ്പള പരിഷ്ക്കരണ കരാർ എന്നാണ് പ്രാബല്യത്തിൽ വരുന്നത്; | | |
| (സി) | കെ.എസ്.ആർ.ടി.സി യിലെ എം.പാനൽ കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | അതിലധികവും കാലമായി ജോലി ചെയ്തുവരുന്നവരും 28.02.2011 -ൽ പാനലിലുള്ളവരുമായ കാഷ്വൽ ലേബറന്മാരെ സ്ഥിരപ്പെടുത്തണ മെന്നുള്ള നിർദ്ദേശവും സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുമെന്നുള്ള വ്യവസ്ഥ 22.05.2012 -ലെ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ